പത്രക്കുറിപ്പ്
30-01-2018

## കുടുംബശ്രീ ജെൻഡർ ക്യാമ്പെയ്ന് തുടക്കമാകുന്നു
## സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശാക്തീകരണം ലക്ഷ്യം

---

തിരുവനന്തപുരം: സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഒരു സമൂഹമൊന്നാകെ ഒത്തു ചേർന്ന് പ്രതിരോധിക്കാൻ ഓരോരുത്തരെയും പ്രാപ്തരാക്കുന്നത് ലക്ഷ്യമിട്ടുള്ള കുടുംബശ്രീ ജെൻഡർ ക്യാമ്പെയ്ന് അടുത്ത മാസം തുടക്കം. ഫെബ്രുവരി എട്ടിന് ക്യാമ്പെയ്ന്റെ വിവിധ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജിമ്മി ജോർജ്ജ് സ്റ്റേഡി യത്തിൽ നടക്കും. ക്യാമ്പെയ്ന്റെ ഭാഗമായി അയൽക്കൂട്ടങ്ങളിൽ കുടുംബാംഗങ്ങളൊന്നാകെ പങ്കെടുക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

കേരളമൊട്ടാകെയുള്ള അയൽക്കൂട്ടങ്ങളിൽ ഫെബ്രുവരി പത്തിനാകും ഈ കുടുംബ സംഗമം നടത്തുക. അന്ന് രാവിലെ സ്ത്രീകൾക്കെതിരേയുള്ള അക്രമങ്ങളെക്കുറിച്ച് അയൽക്കൂട്ട തല മാപ്പിങ് നടത്തും. സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങളെ ഒരു സമൂഹമായിച്ചേർന്ന് പ്രതിരോധിക്കുന്നതിനും തടയുന്നതിനുമുള്ള മാർഗ്ഗങ്ങൾ എങ്ങനെ നടപ്പാക്കാം എന്ന വിഷയത്തെ ആധാരമാക്കി ചർച്ചയും എന്താണ് അതിക്രമം എന്ന് വ്യക്തമാക്കുന്ന സ്വയംപഠന പ്രവർത്തനവും ഉണ്ടാകും. അയൽക്കൂട്ട അംഗങ്ങളായ വനിതകളുടെ കുടുംബത്തിലെ ഗൃഹനാഥനടക്കമുള്ള അംഗങ്ങൾ പങ്കെടുക്കുന്ന കുടുംബ സംഗമം അന്നേ ദിനം ഉച്ചയ്ക്ക് ശേഷമാണ് നിശ്ചയിച്ചിരിക്കുന്നത്.

ഓരോ അയൽക്കൂട്ടത്തിൽ നിന്നും പ്രത്യേക പരിശീലനം ലഭിച്ച ഫെസിലിറ്റേറ്ററുടെ നേതൃത്വത്തിലായിരിക്കും യോഗം. കേരളമൊട്ടാകെയുള്ള അയൽക്കൂട്ടങ്ങളിൽ ഈ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക സോഫ്ട്വെയറും കുടുംബശ്രീ തയാറാക്കിയിട്ടുണ്ട്. മീറ്റിങ്ങിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചിത്രങ്ങൾ എന്നിവയെല്ലാം ഈ സോഫ്ട്വെയർ വഴി രേഖപ്പെടുത്തും.

അയൽക്കൂട്ട സംഗമത്തിലും കുടുംബ സംഗമത്തിലും ഉരുത്തിരിയുന്ന കാര്യങ്ങൾ വാർഡ് തലത്തിൽ ക്രോഡീകരിക്കും. തുടർന്ന് ഫെബ്രുവരി 17-ന് സി.ഡി.എസ് തലത്തിൽ നടത്തുന്ന സഹയാത്രാ സംഗമത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രശ്ന പരിഹാരത്തിനുള്ള മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന ഈ സംഗമം ജില്ലകളിലേക്ക് വ്യാപിപ്പിക്കുകയും തുടർന്ന് മാർച്ച് എട്ടിന് അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് സംസ്ഥാനതല സംഗമം തിരുവനന്തപുരത്ത് നടക്കുകയും ചെയ്യും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ